# മഹാത്മാഗാന്ധി സർവ്വകലാശാല

നമ്പർ എ.ഡി.എ1-1-96/2018 തീയതി, 27.11.2018

## സർക്കുലർ

വിഷയം: ജീവനക്കാര്യം – അസിസ്റ്റൻറ് തസ്തികയിൽ കാലിക്കട്ട് സർവ്വകലാശാലയിലേയ്ക്ക് അന്തർ സർവ്വകലാശാല സ്ഥലംമാറ്റം – സംബന്ധിച്ച്.

സൂചന:
1. സർക്കുലർ നം. എഡി.എ1–1–96/2018 തീയതി, 03.10.2018
2. അദ്ധ്യായം 4, ഭാഗം II, സ്റ്റാറ്റ്യൂട്ട് 22 A, മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്സ്, 1997
3. സർക്കാർ ഉത്തരവ് നമ്പർ (കൈ)നം.123/2017/ഉ.വി.വ തീയതി 09.05.2017

----

ഈ സർവ്വകലാശാലയിൽ നിന്നും കാലിക്കട്ട് സർവ്വകലാശാലയിലേക്ക് അന്തർസർവ്വകലാശാല സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിച്ച അസിസ്റ്റന്റുമാരുടെ അന്തിമ സീനിയോറിറ്റി പട്ടിക സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ, കാലിക്കട്ട് സർവ്വകലാശാലയിലേക്കുള്ള അന്തർസർവ്വകലാശാല സ്ഥലംമാറ്റത്തിന് സന്നദ്ധരല്ലെന്നും ടി പട്ടികയിൽ നിന്നും തങ്ങളെ ഒഴിവാക്കണമെന്നും കാണിച്ച് പ്രസ്തുത സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ടിരുന്ന 8 അസിസ്റ്റന്റുമാരും അപേക്ഷ സമർപ്പിച്ചതിനെത്തുടർന്ന് സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ച അന്തിമ സീനിയോറിറ്റി പട്ടിക റദ്ദാക്കുവാനും ഇത് സംബന്ധിച്ച് പുതിയ ഒരു സീനിയോറിറ്റി പട്ടിക തയ്യാറാക്കുവാനും രജിസ്ട്രാർ അനുമതി നൽകിയിട്ടുണ്ട്.

മേൽവസ്തുതകൾ കണക്കിലെടുത്ത്, സൂചന (2) വ്യവസ്ഥകളുടേയും സൂചന (3) സർക്കാർ ഉത്തരവിൻേറയും അടിസ്ഥാനത്തിൽ ഈ സർവ്വകലാശാലയിൽ നിന്നും കാലിക്കട്ട് സർവ്വകലാശാലയിലേക്ക് അന്തർ സർവ്വകലാശാല സ്ഥലംമാറ്റം അനുവദിക്കുന്നതിനായി ഈ സർവ്വകലാശാലയിലെ അസിസ്റ്റൻറ് (അസിസ്റ്റൻറ് സെക്ഷൻ ഓഫീസർ, സീനിയർ ഗ്രേഡ് അസിസ്റ്റൻറ്, അസിസ്റ്റൻറ്) തസ്തികയിൽ സേവനം അനുഷ്ഠിക്കുന്നവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

പൂരിപ്പിച്ച അപേക്ഷകൾ Ad.AI. സെക്ഷനിൽ **05.12.2018** വൈകുന്നേരം **5** മണിക്ക് മുൻപായി ലഭിച്ചിരിക്കേണ്ടതാണ്. അപേക്ഷാഫാറത്തിൻെറ മാതൃക അന്യത്ര ചേർത്തിരിക്കുന്നു.

ഒപ്പ്
ജോയിന്റ് രജിസ്ട്രാർ I (ഭരണവിഭാഗം)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:
1. സെക്ഷനുകൾ/ഡിപ്പാർട്ട്മെൻറുകൾ/സ്കൂളുകൾ/സെൻററുകൾ
2. വൈസ് ചാൻസിലറുടെ പി.എസ്.
3. രജിസ്ട്രാറുടെ/കൺട്രോളർ ഓഫ് എക്സാമിനേഷൻസിൻെറ/ ഫിനാൻസ് ഓഫീസറുടെ പി.എ. മാർ
4. എല്ലാ അസിസ്റ്റൻറ് രജിസ്ടാർ/ഡെപ്യൂട്ടി രജിസ്ട്രാർ/ജോയിൻറ് രജിസ്ട്രാർമാർ
5. അസിസ്റ്റൻറ് സെക്യൂരിറ്റി ഓഫീസർ/എസ്റ്റേറ്റ് ഓഫീസർ
6. കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ഐ.ക്യൂ.എ.സി. സെക്ഷൻ
7. പബ്ലിക് റിലേഷൻസ് ഓഫീസർ
8. നോട്ടീസ് ബോർഡ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

# <u>അന്തർ സർവ്വകലാശാല സ്ഥലംമാറ്റത്തിനുള്ള അപേക്ഷ</u>

| | | |
|---|---|---|
| 1 | അപേക്ഷകൻെറ പേരും ഉദ്യോഗപ്പേരും | |
| 2 | ജനന തീയതി | |
| 3 | മേൽവിലാസം | |
| 4 | ജോലിയിൽ പ്രവേശിച്ച തീയതി (നേരിട്ടുള്ള നിയമനം/തസ്തിക മാറ്റം/അന്തർ സർവ്വകലാശാല സ്ഥലം മാറ്റം മുഖേന) | |
| 5 | സർവ്വകലാശാല നിയമന ശിപാർശ തീയതി (അസിസ്റ്റൻറ് തസ്തിക) | |
| 6 | നിലവിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന തസ്തിക, അടിസ്ഥാന ശമ്പളം, ശമ്പള സ്കെയിൽ | |
| 7 | പ്രൊബേഷൻ ഡിക്ലയർ ചെയ്ത തീയതിയും ഉത്തരവ് നമ്പറും {സൂചന (3) പ്രകാരം അപേക്ഷിക്കുന്നവർ ഒഴികെ} | |
| 8 | ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുണ്ടെങ്കിൽ തസ്തികയും ഉത്തരവ് നമ്പറും തീയതിയും | |
| 9 | അന്തർ സർവ്വകലാശാല സ്ഥലംമാറ്റത്തിന് പരിഗണിക്കേണ്ട സർവ്വകലാശാലയുടെ പേര് | |
| 10 | താങ്കൾ ഏതെങ്കിലും ശിക്ഷാനടപടികൾക്ക് വിധേയമാവുകയോ താങ്കൾക്കെതിരെ ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടക്കുകയോ ചെയ്യുന്നുണ്ടോ? ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുക | |
| 11 | മറ്റ് വിശദാംശങ്ങൾ ഉണ്ടെങ്കിൽ ആയത് രേഖപ്പെടുത്തുക | |

## <u>സത്യപ്രസ്താവന</u>

സൂചന (2), (3) എന്നിവയിൽ പരാമർശിച്ചിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ........................................................................................................................................ സർവ്വകലാശാലയിലേയ്ക്ക് അന്തർ സർവ്വകലാശാല സ്ഥലംമാറ്റത്തിനായി അപേക്ഷയിൽ സൂചിപ്പിച്ചിരിക്കുന്ന വസ്തുതകൾ എൻെറ അറിവിലും വിശ്വാസത്തിലും സത്യമാണെന്ന് ബോധിപ്പിച്ചു കൊള്ളുന്നു.

സ്ഥലം:

തീയതി:

പേര്:

ഒപ്പ്:

മൊബൈൽ നമ്പർ:

ഓഫീസ് അധികാരിയുടെ മേലൊപ്പും ഉദ്യോഗപ്പേരും